**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1748** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള 'റിഥം' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. ആന്റണി ജോൺ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷി കലാകാരൻമാരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വരുമാനം കണ്ടെത്തുന്നതിനും ലക്ഷ്യമിട്ട് 'റിഥം' എന്ന പേരിൽ പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഭിന്നശേഷി കലാകാരൻമാരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വരുമാനം കണ്ടെത്തുന്നതിനും ലക്ഷ്യമിട്ട് റിഥം എന്ന പേരിൽ പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷനും (KSSM) കേരള ഡെവലപ്മെന്റ് ആന്റ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലും (KDISC) സംയുക്തമായി നടപ്പാക്കുന്ന **ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ്** (Talent Search for Youth with Disabilities) എന്ന പദ്ധതി വഴി കലാ-സാഹിത്യ മേഖലകളിൽ കഴിവും പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഭിന്നശേഷിക്കാരെ അവർക്ക് അനുകൂലമായ സാഹചര്യങ്ങളും വിവിധ സഹായ സംവിധാനങ്ങളും നൽകി, അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകി, കൂടുതൽ വൈദഗ്ധ്യം ലഭ്യമാക്കി പ്രസ്തുത കലയിൽ അവരെ വിദഗ്ദ്ധർ ആക്കി സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിലേയ്ക്കായിട്ടാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഒരു യുവ ഭിന്നശേഷി പ്രതിഭ പെർഫോമൻസ് ട്രൂപ്പ് രൂപീകരിക്കുകയും, പ്രസ്തുത ട്രൂപ്പിന് ആവശ്യമായ പരിശീലനം നൽകി സംസ്ഥാന സർക്കാർ/ പ്രാദേശിക സർക്കാർ നടത്തുന്ന ഫെസ്റ്റിവലുകൾ, എക്സിബിഷൻ, ഫെയർ, വിവിധ കലാ - സാംസ്കാരിക പരിപാടികൾ എന്നിവയിൽ കലാപരിപാടി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.ഏകദേശം രണ്ടു മണിക്കൂർ ദൈർഘ്യമുള്ള ഒരു കലാവിരുന്ന് ഒരുക്കുന്നതിന് പ്രസ്തുത കലാ ട്രൂപ്പിന് പരിശീലനവും, അവസരവും നൽകുകയും അതുവഴി വ്യക്തികൾക്ക് വരുമാന മാർഗ്ഗവും പ്രോത്സാഹനവും, |

| | | | |
|---|---|---|---|
| | | | പൊതുസ്വീകാര്യത വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് റിഥം പ്രോഗ്രാം ലക്ഷ്യമിടുന്നത്. |
| (ബി) | ഭിന്നശേഷി കലാകാരൻമാരെ കണ്ടെത്തുന്നതിനായി പ്രത്യേകമായ സ്ക്രീനിംഗ് ഏർപ്പെടുത്തുന്നുണ്ടോ; ഏതൊക്കെ കലാരൂപങ്ങളാണ് റിഥം ഷോയിൽ അവതരിപ്പിക്കുന്നത്; വിശദമാക്കുമോ; | (ബി) | 2019-20 സാമ്പത്തികവർഷത്തിൽ ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് (TSYD) ആദ്യഘട്ട (Cycle-1) പരിപാടിയുടെ ഭാഗമായി 46 കുട്ടികളെ തെരെഞ്ഞെടുക്കുകയുണ്ടായി. 2022-23 സാമ്പത്തികവർഷത്തിൽ രണ്ടാംഘട്ട (Cycle-2) പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന തലത്തിൽ നിന്ന് 40% ഭിന്നശേഷിയുള്ള ഭിന്നശേഷിക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും, 2023 ജനുവരിയിൽ ശ്രീകാര്യം മരിയാറാണി സെന്ററിൽ വച്ച് ത്രിദിന റെസിഡൻഷ്യൽ ക്യാമ്പ്നടത്തി ആയതിൽ രണ്ടാം ഘട്ടത്തിൽ 41 കുട്ടികളെ തെരെഞ്ഞെടുക്കുകയും ചെയ്തിരുന്നു. സംസ്ഥാന തലത്തിൽ പ്രസ്തുത പരിപാടികളിലൂടെ കണ്ടെത്തിയ പ്രതിഭകളിൽ നിന്നും performing arts--ന്റെയും instrumental arts -ന്റെയും അടിസ്ഥാനത്തിലുള്ള പ്രതിഭകളെ മാത്രം വിദഗ്ധരടങ്ങുന്ന ഒരു പാനൽ **കാലടി ശ്രീ.ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ** വച്ച് **സക്രീനിംഗ് നടത്തുകയും**, ആയതിൽ 35 പേർ പങ്കെടുക്കുകയും, A+ നേടിയ 28 കലാപ്രതിഭകളെ റിഥം ആർട്ട്സ് ട്രൂപ്പ് രൂപീകരണവുമായി ബന്ധപ്പെട്ട് തെരെഞ്ഞെടുക്കുകയുമുണ്ടായി.<br><br>performing arts-ന്റെയും instrumental arts-ന്റെയും ബന്ധപ്പെട്ടുള്ള കലാപരിപാടികൾ ആണ് റിഥം ആർട്ട്സ് ട്രൂപ്പിലെ പ്രതിഭകൾ അവതരിപ്പിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതി ഭിന്നശേഷി കലാകാരന്മാരുടെ ജീവിതത്തിൽ എത്രത്തോളം സ്വാധീനം ചെലുത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ? | (സി) | റിഥം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഒരു യുവ ഭിന്നശേഷി പ്രതിഭ പെർഫോമൻസ് ട്രൂപ്പ് രൂപീകരിക്കുകയും, പ്രസ്തുത ട്രൂപ്പിന് ആവശ്യമായ പരിശീലനം നൽകി സംസ്ഥാന സർക്കാർ/ പ്രാദേശിക സർക്കാർ നടത്തുന്ന ഫെസ്റ്റിവലുകൾ, എക്സിബിഷൻ, ഫെയർ, വിവിധ കലാ-സാംസ്കാരിക പരിപാടികൾ എന്നിവയിൽ കലാപരിപാടി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്യുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഏകദേശം രണ്ടു മണിക്കൂർ ദൈർഘ്യമുള്ള ഒരു കലാവിരുന്ന് ഒരുക്കുന്നതിന് പ്രസ്തുത കലാ ട്രൂപ്പിന് പരിശീലനവും, അവസരവും നൽകുകയും അതുവഴി പ്രതിഭകൾക്ക് വരുമാന മാർഗ്ഗവും പോത്സാഹനവും, ആത്മവിശ്വാസവും ലഭിക്കുകയും പൊതുസമൂഹത്തിന്റെ ഭാഗമായി മാറുന്നതിനു അവസരമൊരുക്കുകയും അതുവഴി പൊതു സ്വീകാര്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ